ളിലും വാർത്ത വന്നിട്ടുണ്ട്. 'അധ്യാപക നിയമനം അഴിമതി അന്വേഷിക്കണം ഡി.വൈ.എഫ്.ഐ' അതുപോലെ 'കാസർഗോഡ് താൽക്കാലിക അധ്യാപക നിയമനത്തിൽ വൻ അഴിമതി.' വലിയ വാർത്തയായി വന്നതാണ്. അതു പോലെ 'അധ്യാപക നിയമനം ലിസ്റ്റായി, പക്ഷേ, അധ്യാപക നിയമനത്തിൽ ജില്ലാപഞ്ചായത്തും ഡി.ഡിയും തമ്മിൽ തർക്കം' ഇങ്ങനെയുള്ള പത്രവാർത്ത കൾ വരുന്നു. അത്തരത്തിലുള്ള വളരെ ധിക്കാരപരമായ നടപടികളാണ് ഡി. ഡി. നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇത് ഒരു സ്ഥലംമാറ്റത്തിന്റെ പ്രശ്നമല്ല. ഇതു സംബന്ധിച്ച് അന്വേഷിക്കണം. അദ്ദേഹത്തിനെതിരായി നട പടിയെടുക്കണം. അതോടൊപ്പം ഇനിയുള്ള പി.എസ്.സി. നിയമനം വേഗ ത്തിൽ നടത്തി, കഴിയുന്നത്ര വേഗത്തിൽ ക്ലാസ് ആരംഭിക്കാനുള്ള നടപടിയു ണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഞാൻ കാസർഗോഡ് ജില്ലയിൽ ചെന്നപ്പോൾത്തന്നെ എന്റെയടുത്ത് പലരും പരാതികളുന്നയിക്കുകയുണ്ടായി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനി ന്നുള്ള നിയമനം സംബന്ധിച്ച് ഗവൺമെന്റ് വ്യക്തമായ നോംസ് കൊടുത്തി ട്ടുണ്ട്. വളരെ ക്ലിയർ നോംസാണ്. അതു ലംഘിച്ചാൽ അതിന്റെ പേരിൽതന്നെ നടപടിയുണ്ടാകും. നോംസ് തെറ്റിച്ച് ചെയ്തിട്ടുണ്ടെങ്കിൽ തീർച്ചയായും നട പടി ഉണ്ടാകും. ആ വേക്കൻസികളൊക്കെ നികത്തിക്കഴിഞ്ഞു. അതു സംബ ന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ തന്നെ പറഞ്ഞു. പിന്നെ 85 വേക്കൻസികൾ മലയാളം പി.ജി. അധ്യാപകരുടേതായിരുന്നു. അതിന് പി.എസ്.സി. ലിസ്റ്റുണ്ട്. അതു സംബന്ധിച്ച് ബി.എഡിന്റെ ഒരു തർക്കമുണ്ടായിരുന്നു. അത് പരിഹ രിച്ചു കഴിഞ്ഞിരിക്കുന്നു. ഉടൻ ഒഴിവുകൾ നികത്തുന്നതാണ്. ഇപ്പോൾ ഒഴിവു കളുടെ പ്രശ്നമില്ല. ഒരു ആദ്യപടിയെന്നുള്ള നിലയിൽ ആ ഓഫീസറെ സ്ഥലം മാറ്റാനും തീരുമാനിച്ചിട്ടുണ്ട്.

(13) മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് എക്സാമിനേഷന്റെ റിസൾട്ട് പബ്ലിഷ് ചെയ്യാത്തത് സംബന്ധിച്ച്

ശ്രീ. പി.ജെ. ജോയി : സർ, സംസ്ഥാനത്തെ മെഡിക്കൽ എഞ്ചിനീയ റിംഗ് എൻട്രൻസ് എക്സാമിനേഷൻ എഴുതിയിട്ടുള്ള വിദ്യാർത്ഥികൾ നേരി ടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാ നാണ് ഞാൻ ഈ സബ്മിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ 11, 12 തീയ തികളിലായി സംസ്ഥാനത്ത് എൻട്രൻസ് എക്സാമിനേഷൻ നടന്നു. ഇതു വരെ അതിന്റെ റിസൾട്ട് പബ്ലിഷ് ചെയ്തിട്ടില്ല. കമ്പ്യൂട്ടർ സംവിധാനമുള്ള ഈ കാലഘട്ടത്തിൽ ഏറിയാൽ 15 ദിവസംകൊണ്ട് റിസൾട്ട് പബ്ലിഷ് ചെയ്യാൻ കഴിയും. ഒരു വലിയ മാഫിയാ സംഘം ഈ സംസ്ഥാനത്ത് ക്യാമ്പ് ചെയ്ത് റിസൾട്ട് പുറത്തുവരാതിരിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതായിട്ടാണ് അറിയു ന്നത്. കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സ്ഥലങ്ങളിൽ, ഞാൻ മനസ്സിലാക്കു ന്നത്, 3-ാം തീയതിയാണ് അവിടത്തെ അഡ്മിഷനെന്നാണ്. റിസൾട്ട് പബ്ലിഷ് ചെയ്യാതിരുന്നാൽ ഇവിടെയുള്ള വിദ്യാർത്ഥികളിൽ അധികം പേരും പണം കൊടുത്ത് അവിടെ പോയി ചേരുമെന്നുള്ള ദുഷ്ടലാക്കാണ് അതിന്റെ പുറകി ലുള്ളതെന്നാണ് ഞാൻ കരുതുന്നത്. കൊച്ചി യൂണിവേഴ്സിറ്റി എൻട്രൻസ് എക്സാമിനേഷൻ റിസൾട്ട് പബ്ലിഷ് ചെയ്തു. എന്നിട്ട് വിത്ത്ഹെൽഡ് ചെയ്തു, റീവാല്യുവേഷനെന്നുള്ള പേരിൽ അതും പൂഴ്ത്തിവച്ചിരിക്കുക യാണ്. ഇത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ്. നാളെയെങ്കിലും റിസൽറ്റ് പബ്ലിഷ് ചെയ്യാനുള്ള ഡയറക്ഷൻ ഗവണ്മെന്റിൽ നിന്നും നൽകണ മെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇതിന്റെ വസ്തുതകൾ ശരിക്കും മനസ്സിലാക്കാതെയാണ് പറഞ്ഞത്. 11, 12, 13 തീയതികളിലാണ് എൻട്രൻസ് എക്സാമിനേഷൻ നടന്നത്. ആദ്യം നിശ്ചയിച്ച പല തീയതിയും മാറ്റിവയ്ക്കാൻ ആൾ ഇന്ത്യാ എൻട്രൻസ് എക്സാമിനേഷന്റെ കാര്യം പറഞ്ഞ് ഗവണ്മെന്റിനെ സമീപിച്ചതിന്റെ അടിസ്ഥാനത്തിലാണ് 11,12,13 തീയതികളിൽ നടത്തിയത്. 15-ാം തീയതി മുഴുവൻ കേന്ദ്രങ്ങളുടെയും ഉത്തര കടലാസുകൾ ഇവിടെയെത്തി. 18-ാം തീയതി തന്നെ മൂല്യനിർണ്ണയത്തെ സംബന്ധിച്ചുള്ള നടപടികളാരംഭിച്ചു. 1998-ലും കമ്പ്യൂട്ടർ സംവിധാനംതന്നെയായിരുന്നു. അന്ന് 19 ദിവസമാണ് ഇതിന് ആകെ എടുത്തത്. ഇപ്പോൾ ഇത് തുടങ്ങിയിട്ട് 13 ദിവസമാകുന്നതേയുള്ളൂ. അതുകൊണ്ട് കഴിഞ്ഞ തവണ എടുത്തതിനേക്കാൾ കൂടുതൽ സമയം എടുക്കുകയില്ല. അതിനെക്കാൾ കുറച്ച് സമയമെടുത്ത് തീർക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഉന്നതരായ ചില ഉദ്യോഗസ്ഥൻമാരും ഈ കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകളുണ്ടാക്കിയിട്ടുണ്ട്. ഒട്ടും കാലതാമസമുണ്ടാവുകയില്ല. കഴിഞ്ഞ തവണ എടുത്തതിനേക്കാൾ കുറച്ച് സമയംകൊണ്ടു തന്നെ തീർക്കും. ഒരിക്കൽ പ്രസിദ്ധീകരിച്ചിട്ട് രണ്ടാമത് പരിശോധിക്കാനുള്ള ഇടപാടുണ്ടാക്കാൻ പറ്റില്ല. അതിനുള്ള മിനിമം ഒടെം കൊടുത്ത് അത് പരമാവധി കുറ്റമറ്റതായി പ്രസിദ്ധീകരിക്കും. അടുത്ത ആഴ്ച പ്രസിദ്ധീകരിക്കും.

IV. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 27-ാമത് റിപ്പോർട്ട്

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഇരുപത്തിയേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

V. ധനകാര്യം

1999-2000 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1999-2000				
		25-3-1999-ൽ സഭ പാസാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ രൂപ
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	
(1)	(2)	(3)	(4)	(5)	(6)	(7)
XXVII	സഹകരണം	17,59,94,000	19,93,17,000	35,19,88,000	39,86,35,000	75,06,23,000
XXXIX	വൈദ്യുത പദ്ധതികൾ	--	3,68,33,000	--	7,36,67,000	7,36,67,000

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യ

LIBRARY ARCHIVES Kerala Legislative Assembly